# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 186

07.08.2017 ൽ മറുപടിക്ക്

### പുതുവൈപ്പിലെ ഐ ഒ സി സംഭരണകേന്ദ്രം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എസ്. ശർമ്മ.** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | പുതുവൈപ്പിലെ ഐ. ഒ. സി സംഭരണകേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) & (ബി) | പുതുവൈപ്പിലെ ഐ. ഒ. സി സംഭരണകേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 21.06.2017 - ന് വിളിച്ച ചേർത്ത യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) | യോഗ തീരുമാന പ്രകാരം വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) | നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (എൻ സി ഇ എസ് എസ്) ഡയറക്ടറായ ഡോ. എൻ. പൂർണ്ണചന്ദ്രറാവു ചെയർമാനും റിട്ട.ചീഫ് ടൗൺ പ്ലാനർ ശ്രീ. ഈപ്പൻ വർഗ്ഗീസ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ മുൻ ശാസ്ത്രജ്ഞൻ ശ്രീ. കെ. വി. തോമസ് എന്നിവർ അംഗങ്ങളുമായ ഒരു വിദഗ്ധസമിതിയെ 29. 07. 2017-ലെ ജി.ഒ. (ആർ.ടി) നം.1085/2017/ഐഡി പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ.

**പുതുവൈപ്പിനിലെ ഐ.ഒ.സി യുടെ എൽ.പി.ജി. സംഭരണ ടാങ്കിന്റെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച് ഉയർന്നുവന്ന എതിർപ്പിന്റെ പശ്ചാത്തലത്തിൽ ബഹു: മുഖ്യമന്ത്രി 21.06.2017 പകൽ മൂന്ന് മണിക്ക് വിളിച്ചുകൂട്ടിയ ചർച്ചയുടെ മിനിറ്റ്സ്.**

ചർച്ചയിൽ സ്ഥലം എം.പിയും, എം. എൽ.എ യും സമരസമിതി നേതാക്കളും, ജില്ലയിലെ വിവിധ രാഷ്ട്രീയ കക്ഷിനേതാക്കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു.

2009 ൽ പ്രവർത്തനം ആരംഭിച്ച ഐ.ഒ.സി. യുടെ പുതുവൈപ്പിനിലെ എൽ.പി.ജി. സംഭരണ ടാങ്കിന് 2010- ൽ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ഏജൻസികളുടെ അനുമതിയോടെ 2012 ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും , പല കാരണങ്ങളാൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഉയർന്നു വന്ന പരാതികൾ /തടസ്സ വാദങ്ങൾ താഴെ പറയുന്നവയാണ് പ്രധാനമായത്.

1) എൽ. പി.ജി. ടെർമിനൽ സുരക്ഷിതമല്ല.
2) പരിസ്ഥിതി നിയമം പാലിക്കുന്നില്ല.
3) CRZ(1) മേഖലയിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ
4) മീൻ പിടിക്കുന്നവർക്ക് പദ്ധതി തടസ്സം നിൽക്കുന്നു/ കടൽ ആവാസവ്യവസ്ഥയ്ക്ക് ദോഷം ചെയ്യുന്നു.

മേൽ പറഞ്ഞ കാര്യങ്ങളിൽ മേലുള്ള വിശദീകരണം IOC യുടെ പ്രതിനിധികൾ യോഗത്തിൽ നല്കപ്പെട്ടു.

## 1. സുരക്ഷ

ആഗോള നിലവാരമുള്ള സുരക്ഷാ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. അപകടങ്ങൾ ഉണ്ടായാൽ പൈപ്പുകൾ സ്വയമേ അടക്കുന്ന Fail - Check valve കൾ സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും ചെറിയ പിഴവുകൾ പോലും ഒഴിവാക്കാൻ കംപ്യൂട്ടർ അധിഷ്ഠിത നിരീക്ഷണ സംവിധാനം ഒരുക്കും. പ്രകൃതി ദുരന്തങ്ങളായ ഭൂകമ്പം, ചുഴലിക്കാറ്റ്, സമുദ്രത്തിലെ അപകടങ്ങൾ എന്നിവ തരണം ചെയ്യാനുള്ള സുരക്ഷിത സംവിധാനം ഒരുക്കും.

## 2. പാരിസ്ഥിതിക അനുമതി

പാരിസ്ഥിതിക അനുമതിയുടെ വ്യവസ്ഥകൾ പാലിക്കുന്നില്ല എന്ന പരിസര വാസികളുടെ വാദത്തിൻമേൽ ഹരിത ട്രൈബ്യൂണൽ 2013 ഏപ്രിൽ 13 ന് പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുന്നതായി യോഗത്തിൽ അറിയിച്ചു.

1. നിലവിൽ ഐ.ഒ.സി,ക്ക് പാരിസ്ഥിതിക അനുമതി ഉണ്ട്.
2. ഈ പാരിസ്ഥിതിക അനുമതി ചോദ്യം ചെയ്യപ്പെട്ടിട്ടില്ല.
3. പാരിസ്ഥിതിക അനുമതിയിലെ വ്യവസ്ഥകൾ പ്രകാരം പണി നടത്താൻ ഒരു തടസ്സവും ഇല്ല.
4. ഐ.ഒ.സി യുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തേണ്ട ഒരു സാഹചര്യവും ഇല്ല.

5. ഇക്കാര്യത്തിൽ അതുകൊണ്ട് തന്നെ ഒരു സ്പഷ്ടീകരണ ഉത്തരവിന്റെ ആവശ്യവും സാധാരണ നിലയിൽ വേണ്ടതില്ല. നിയമപരമായ നടപടികളുമായി ഐ.ഒ.സി ക്ക് മുന്നോട്ട് പോകാനുള്ള അവകാശമുണ്ട്.

**3. CRZ മേഖല**

ഹരിത ട്രൈബ്യൂണിലിന്റെ നിരീക്ഷണ പ്രകാരം CRZ മേഖലയിൽപെട്രോളിയം ഉൽപന്നങ്ങളും എൽ.പി.ജി.യും സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനും തടസ്സമില്ല. നിയന്ത്രണം CRZ (1) മേഖലയിലെ മാത്രമാണ്. പ്രസ്തുത പദ്ധതി പ്രദേശത്ത് CRZ(1) വരുന്ന പ്രദേശമല്ല. 19.11.2016 ലെ ഹൈക്കോടതിയും പദ്ധതി പ്രദേശത്ത് പണി നടത്താം എന്ന് ഉത്തരവായിട്ടുണ്ട്.

**4. മീൻ പിടിക്കുന്നവരുടെ ആശങ്ക / കടൽ ആവാസ വ്യവസ്ഥയെ ബാധിക്കുന്നു എന്നതും സംബന്ധിച്ച്.**

ഈ നിർമ്മാണം, വെള്ളം, ശബ്ദം, വായു, പരിസ്ഥിതി കടൽ ജീവികൾ എന്നിവയെ ദോഷകരമായി ബാധിക്കില്ല എന്ന് പാരിസ്ഥിതിക പ്രത്യാഘാത വിലയിരുത്തൽ പഠനം സ്ഥിരീകരിച്ചിട്ടുണ്ട്. ഓരോ ആറുമാസവും ഐ.ഒ.സി സമുദ്രജലത്തിന്റെയും വായുവിന്റെയും നിലവാരം പരിശോധിക്കുന്നു. ഗ്രാമവാസികൾക്ക് ടെർമിനലിന്റെ രണ്ട് വശങ്ങളിൽ കൂടി കടലിൽ പോകാൻ കഴിയും. മദ്രാസ് ഐ.ഐ.റ്റി. യുടെ പഠന റിപ്പോർട്ട് അനുസരിച്ച് 115 കോടി രൂപ ചിലവിൽ കടൽ മണ്ണൊലിപ്പ് തടുക്കാൻ സൂക്ഷ്ചകൾ ഐ.ഒ.സി. നൽകുന്നതാണ്.

തുടർന്ന് ചർച്ചയിൽ ഉടനീളം ഉയർന്നുവന്ന ആശങ്കളും വിശദീകരണങ്ങളും അപഗ്രഥിച്ചശേഷം ബഹു: മുഖ്യമന്ത്രി പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തി ജനങ്ങൾക്ക് ജീവിത പുരോഗതി നൽകുകയാണ് സർക്കാർ നയം എന്ന് പറഞ്ഞു. ഇത്തരത്തിലുള്ള പ്രോജക്ടുകൾ അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ജനങ്ങൾക്കിടയിൽ നിന്ന് ഉയർന്നുവന്ന ആശങ്കകൾ പരിഹരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന ബോധപൂർവ്വമായ ഇടപെടലുകൾക്കെതിരെ ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ജനപ്രതിനിധികളുടെയും, സമരനേതാക്കളുടെയും ഐ.ഒ.സിയുടെയും പ്രതിനിധികളുടെയും അഭിപ്രായ സമന്വയത്തിന്റെ ഭാഗമായി താഴെ പറയുന്ന തീരുമാനം യോഗത്തിൽ എടുത്തു.

1) 2010 ൽ ലഭിച്ച പാരിസ്ഥിതികാനുമതിക്കാസൃതമായാണോ നിർമ്മാണ പ്രവർത്തനം നൽകുന്നത് എന്ന കാര്യം പരിശോധിക്കാൻ ഒരു സമിതിയെ സർക്കാർ നിയോഗിക്കും. പ്രസ്തുത സമിതിയുടെ ശുപാർശകൾ അനുസരിച്ച് എല്ലാവരും പ്രവർത്തിക്കും.
2) അതുവരെ തുടർപ്രവർത്തനങ്ങൾ ഐ.ഒ.സി. നിർത്തിവെയ്ക്കും. സമരസമിതിയും സഹകരിച്ച് പ്രവർത്തിക്കും.
3) ചർച്ചയിൽ ഉയർന്നുവന്ന മറ്റു കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിക്കും.

യോഗം 5 മണിക്ക് അവസാനിച്ചു.